# അക്കാദമിക മാസ്റ്റർപ്ലാൻ

## ജി എൽ പി എസ് തെങ്ങുമുണ്ട



# ഉള്ളടക്കം


| Sl No: | തലക്കെട്ട് | Page No: |
|---|---|---|
| 1. | ആമുഖം; പ്രൊഫൈൽ. | 2 |
| 2. | വിദ്യാലയ ചരിത്രം | 4 |
| 3. | ലക്ഷ്യങ്ങൾ | 6 |
| 4 | അധ്യാപകരും വിവരങ്ങളും | 7 |
| 5 | ഭിന്നശേഷി കുട്ടികളുടെ പട്ടിക | 8 |
| | നിലവിലെ ഭൗതിക സാഹചര്യങ്ങൾ | |
| 6 | പ്രശ്നങ്ങൾ വെല്ലുവിളികൾ | 9. |
| 7 | നിലവിലെ സ്കൂൾ പ്രവർത്തനങ്ങൾ | 10 |
| 8. | ഭാഷ | 11 |
| 9 | ENGLISH | 14 |
| 10 | ഗണിതം | 16 |
| 11 | അറബിക് | 19 |
| 12 | പരിസരപഠനം | 20 |
| 13 | ഗോത്ര ജ്യോതി | 23 |
| 14 | വായന | 24 |
| 15 | ഉപസംഹാരം | 26. |

# പ്രൊഫൈൽ

| | | |
|---|---|---|
| 1. | സ്കൂളിന്റെ പേര് | : ഗവ: എൽ.പി.എസ് തെങ്ങുമുണ്ട - |
| 2. | ആരംഭിച്ച വർഷം | : 1973. |
| 3. | വില്ലേജ് | : പടിഞ്ഞാറത്തറ. |
| 4. | ക്ലസ്റ്റർ | : പടിഞ്ഞാറത്തറ. |
| 5. | പഞ്ചായത്ത് | : പടിഞ്ഞാറത്തറ. |
| 6. | ബ്ലോക്ക് | : കല്പറ്റ. |
| 7. | BRC | : വൈത്തിരി. |
| 8. | ജില്ല | : വയനാട് |
| 9. | ഉപജില്ല | : വൈത്തിരി. |
| 10. | പ്രധാനാധ്യാപകന്റെ പേര് | : അബ്ദുൽ മുജീബ്. എം.കെ. |
| 11. | " മൊബൈൽ നമ്പർ | : . |
| 12. | സീനിയർ അസിസ്റ്റന്റ് | : ബിന്ദു. കെ.പി. |
| 13. | സ്കൂൾ E mail ID | : thengummnd glps hm @ gmail.com |
| 14. | സ്കൂൾ കോഡ് | : 15220. |
| 15. | പി.ടി.എ. പ്രസിഡന്റ് | : മഞ്ജു. ടി. |
| 16. | MPTA പ്രസിഡന്റ് | : നൂർജഹാൻ. |
| 17. | SMC ചെയർമാൻ | : മുജീബ്. തുർക്കി. |
| 18. | വാർഡ്, വാർഡ് മെമ്പർ | : 2, റഷീദ് വാഴയിൽ. |

# ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസ രംഗം നാളിതു വരെ ദർശിച്ചിട്ടില്ലാത്ത വിധമുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ്. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷക്കൊത്ത് പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കാനുള്ള സമഗ്രമായ ജനകീയ യജ്ഞമാണ് ഇതുകൊണ്ട് വിഭാവനം ചെയ്യുന്നത്. ഇതിനായി വിദ്യാലയത്തിൽ ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന സമിതി രൂപീകരിക്കുന്നു. "അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്" എന്ന ആശയത്തിലൂന്നിയാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്. അധ്യാപകർ, രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രവർത്തകർ, സർക്കാർ, സർക്കാർ ഇതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയൂ.

ഭിന്നശേഷിക്കാരായവർക്കും പിന്നാക്ക നിലവാരത്തിലുള്ളവർക്കും, ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന കാര്യങ്ങളും പഠന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിക്കാനും

ഫലപ്രദമായ ഐ.ടി വിദ്യാഭ്യാസം സാധ്യമാക്കുന്ന ഉതകുന്ന നടപടികളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. ഇങ്ങനെ പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള പരിമിതികളെ പരിഹരിച്ച് മതനിരപേക്ഷ ജനാധിപത്യ രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാലയത്തിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തി ഇവിടുത്തെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതിയിൽ. ഈ വിദ്യാലയം സവിശേഷമായി മുന്നോട്ടു വെയ്ക്കുന്ന ലക്ഷ്യങ്ങളും അവ സ്വായത്തമാക്കാൻ സഹായകമായ പ്രവർത്തനങ്ങളും തന്ത്രങ്ങളും സമയബന്ധിതമായി എങ്ങനെ ഒക്കെയെല്ലാം നടപ്പിലാക്കുമെന്ന് വിശദീകരിക്കുന്നു. ഈ സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥി~~ദീകരിക്കുന്നു.~~ കളുടെയും അക്കാദമിക വളർച്ചക്ക് വേണ്ടി കൂട്ടായ ശ്രമങ്ങളിലൂടെ തയ്യാറാക്കുന്ന ഈ രേഖ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഈ വിദ്യാലയത്തിന്റെ സുപ്രധാന രേഖയായിരിക്കും.

# ഞങ്ങളുടെ വിദ്യാലയം

1943 ൽ ഏകാധ്യാപക വിദ്യാലയമായി സ്ഥാപിതമായ തെങ്ങുംമൂട് ജി. എൽ. പി. സ്കൂൾ 1985 വരെ വാരാമ്പറ്റ എൽ. പി. സ്കൂൾ എന്നാണറിയപ്പെട്ടിരുന്നത്. 2003 വരെ മുസ്ലിം കലണ്ടർ പ്രകാരം പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ പിന്നീട് പ്രവർത്തന സമയത്തിൽ മാറ്റം വരാത്ത ജനറൽ സ്കൂളായി പ്രവർത്തിച്ചു. 2012-13 അധ്യയന വർഷം മുതൽ BRGF പദ്ധതി പ്രകാരം ലഭിച്ച കോൺക്രീറ്റ് കെട്ടിടത്തിൽ 3 ക്ലാസ് മുറികളും 1 കമ്പ്യൂട്ടർ ലാബും പ്രവർത്തിച്ചു വരുന്നു. ഇവ കൂടാതെ മികച്ച ഒരു ഹാൾ, സ്റ്റേജ്, കഞ്ഞിപ്പുര, കുട്ടികളുടെ പാർക്ക് വിശാലമായ കളിസ്ഥലം, ആവശ്യമായ ശുദ്ധജല സംവിധാനം തുടങ്ങിയവും ഈ സ്കൂളിന് സ്വന്തമായുണ്ട്. ഓഫീസ്, സ്റ്റാഫ്റൂം ഒരു ക്ലാസ് റൂം. എന്നിവ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഗവ: എൽ പി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന ഈ വിദ്യാലയം അക്കാദമിക നിലവാരത്തിലും മികവ് പുലർത്തുന്നു. പ്രധാനാധ്യാപകൻ ഉൾപ്പെടെ 5 അധ്യാപകരും, ഗോത്ര വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു മെൻ്റർ ടീച്ചറും ഒരു PTCM ഉം ഈ സ്കൂളിൽ ജോലി ചെയ്യുന്നു.

കൂടാതെ PTA യുടെ നേതൃത്വത്തിൽ ഒരു പ്രീ-പ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. 1 മുതൽ 4 വരെ 60 കുട്ടികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. PTA, MPTA, SMC അംഗങ്ങളുടെയും കൂട്ടായ്മയുടെ ഫലമായി അനുദിനം മെച്ചപ്പെട്ടു വരുന്ന ഈ സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്കും ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ട അവസ്ഥയാണ് സ്കൂളിനുള്ളത്. ഫണ്ടിരുന്നാലും ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ സാധിക്കാത്തതും, പ്രീപ്രൈമറി അംഗീകാരമില്ലാത്തതും പുതിയ പ്രവേശനത്തെ ബാധിക്കുന്നുണ്ട്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പാക്കുക
- പഠനത്തിനൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും ഉറപ്പാക്കുക.
- ഗവേഷണാത്മക പഠനത്തിന് അവസരമൊരുക്കാം.
- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി പഠനതന്ത്രങ്ങൾ ആവിഷ്കരിക്കലും നടപ്പാക്കലും.
- ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ കുട്ടികൃഷി (കൃഷിയോടുള്ള താൽപര്യം വളർത്താൻ) തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

# അധ്യാപകരും വിവരങ്ങളും

| | അധ്യാപകരുടെ പേര് | ഫോൺ നമ്പർ | ക്ലാസ് ചാർജ്ജ് |
|---|---|---|---|
| 1 | അബ്ദുൾ മുജീബ് M.K | 9497049380 | ഹെഡ്മാസ്റ്റർ 2-ാം ക്ലാസ് |
| 2 | ബിന്ദു K.P | 7902627384 | 3-ാം ക്ലാസ് |
| 3 | അബ്ദുൾ നിസാർ. P | 9605686265 | അറബി |
| 4 | ജ്യോതി V.S | 9656662223 | 1-ാം ക്ലാസ് |
| 5 | ശ്രീല. ജസ്റ്റ്. നായർ | 9447500442 | 4-ാം ക്ലാസ് |
| 6 | പ്രജിത | 9744138369 | Mentos Tr. |
| 7 | ബിനുകുമാർ . K.R | 9778146118 | P.T.C.M |
| 8 | | | |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | കുട്ടിയുടെ പേര് | വിഭാഗം |
|---|---|---|
| 1 | അജ്ജ്വ മറിയം | ഐ.ഡി |
| | | |
| | | |
| | | |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ്മുറി | 4 | |
| 2 | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 8 | |
| 3 | പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 8 | |
| 4 | കിണർ | 1 | |
| 5 | ലൈബ്രറി | 1 | |
| 6 | ചുറ്റുമതിൽ | ഭാഗികം | |
| 7 | കളിസ്ഥലം | ഭാഗികം | |
| 8 | അടുക്കള | 1 | |
| 9 | കമ്പ്യൂട്ടർ ലാബ് | 1 | |
| 10 | സ്റ്റേജ് | 1 | |
| 11 | കമ്പ്യൂട്ടർ | 1 | |
| 12 | ലാപ്ടോപ്പ് | 6 + 13 | |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- റിസോഴ്സ് അധ്യാപകരുടെ കുറവ്.
- ശരിയായ കായികക്ഷമത ഉറപ്പു വരുത്താൻ കഴിയുന്നില്ല.
- വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

# നിലവിലെ സ്കൂൾ പ്രവർത്തനങ്ങൾ.

- ഗൃഹ സന്ദർശനം
- പ്രവേശനോത്സവം
- പി.ടി.എ ജനറൽ ബോഡിയോഗം & എക്സിക്യൂട്ടീവ് യോഗങ്ങൾ
- സി.പി.ടി.എ
- കലാമേള, കായികമേള, ശാസ്ത്ര- സാമൂഹ്യ- ഗണിത ശാസ്ത്ര മേള, പ്രവൃത്തി പരിചയ മേള
- വിദ്യാരംഗം
- വിവിധ ക്ലബ്ബുകൾ
- സ്കൂൾ പാർലമെന്റ് ഇലക്ഷൻ.
- പഠന പ്രവർത്തനങ്ങൾ
- ലാബ്, ലൈബ്രറി
- പ്രഭാത ഭക്ഷണം.
- ഉച്ചഭക്ഷണം, യൂണിഫോം, പഠനയാത്രകൾ.
- ആരോഗ്യ- ശുചിത്വ പരിപാടികൾ
- പച്ചക്കറി കൃഷി, ഹരിതവൽക്കരണം.
- ദിനാചരണങ്ങൾ
- വിദ്യാവാഹിനി, ഉന്നതി സന്ദർശനം,

## മേഖല : ഭാഷ

### ആമുഖം

ആശയ വിനിമയോപാധി എന്നതിലപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വ-ബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതി തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. വിജ്ഞാന സ്വീകരണത്തിന്റെയും വിനിമയത്തിന്റെയും മാധ്യമമാണത്. ജീവിത ചുറ്റുപാടുകളിൽ നിന്ന് ആർജ്ജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുതലോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായും സർഗാത്മകതയോടെയും വിനിമയം ചെയ്യാൻ കഴിയേണ്ടതുണ്ട്. ഇതിനുവേണ്ടി ഭാഷാശേഷികളെ നിശ്ചിത തലത്തിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലയങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്.

### ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികളും എഴുത്തും വായനയും സ്വായത്തമാക്കിയെന്ന് ഉറപ്പുവരുത്തുക. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ. വിവിധ ലേഖനപ്രക്രിയകൾ പരിചയപ്പെടുത്തൽ, സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കൽ.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. ഉണർവ് | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | - Pre-Test → പിന്നോക്കം നിൽക്കുന്നവർക്കായി മൊഡ്യൂൾ തയ്യാറാക്കൽ – - CPTA - വായനാക്കാർഡ് തയ്യാറാക്കൽ – വായന - കഥ പറയൽ - വായന - രചന. - മാഗസിൻ - വായനയുടെ വിവിധ തലങ്ങൾ - → ഭാവാത്മക വായന - → താളാത്മകം → ICT പ്രയോജനപ്പെടുത്തൽ. | സെപ്റ്റംബർ, ഫെബ്രുവരി | ക്ലാസ് അധ്യാപകർ. | H.M P.T.A |
| 2. വായിക്കാം വളരാം. | കുട്ടിയെ നല്ല വായനക്കാരനാക്കാം. | → വായനാദിനാചരണം - വായനാവാരാചരണം → മാതൃദിനാചരണം. → ക്ലാസ് ലൈബ്രറി → പത്രവായന. → വായനയുടെ വിവിധ തലങ്ങളിലൂടെ കടന്നുപോകൽ (ക്ലാസ്തല പ്രവർത്തനം) | ജൂൺ മുതൽ. | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| സർഗാത്മക രചയിതാക്കളെ സൃഷ്ടിക്കൽ | കുട്ടിയുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കൽ. | ക്ലാസ്‌തല പ്രവർത്തനങ്ങളിലൂം, പ്രത്യേക സന്ദർഭങ്ങളിലും സാഹചര്യങ്ങൾ സൃഷ്ടിച്ച് കഥ, കവിത, തുടങ്ങിയ രചനകൾ നടത്തൽ. • സംയുക്തഡയറി എഴുത്ത് പ്രകാശനം (ക്ലാസ് 1 & 2) ⇒ | ജൂൺ To ഫെബ്രുവരി | ക്ലാസ് ടീച്ചർ | H.M |

# മേഖല : ഇംഗ്ലീഷ്

## ആമുഖം

ഇന്ന് നമ്മുടെ സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയോടുള്ള അമിത അഭിമുഖ്യം വളർന്നുവരുന്നതായി കാണാം. മികവാർന്ന വിദ്യാഭ്യാസമെന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്ന ധാരണ സാധാരണക്കാർക്കിടയിൽ പോലും കടന്നുവന്നു. ഇതിനുള്ള പ്രധാന കാരണം തൊഴിൽ രംഗം, കച്ചവടം സാങ്കേതിക വിദ്യ സ്വായത്തമാക്കൽ, സോഷ്യൽ മീഡിയ കൈകാര്യം ചെയ്യാൻ, ഉന്നത വിദ്യാഭ്യാസം നേടാൻ തുടങ്ങി എല്ലാ രംഗത്തും മികവു പുലർത്തണമെങ്കിൽ ഇംഗ്ലീഷ് ഭാഷ അറിഞ്ഞേ തീരൂ എന്നതാണ്. ഈ സാഹചര്യത്തിൽ പൊതു വിദ്യാലയത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളുടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് വളർത്തിയെടുക്കണം. അക്കാദമിക മാസ്റ്റർ പ്ലാനിലെ വിവിധ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുകയാണ്.

## പൊതുലക്ഷ്യങ്ങൾ

* ഭാഷയുടെ അടിസ്ഥാന ശേഷികൾ നേടുക
* ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുക
* ആത്മവിശ്വാസം വർദ്ധിപ്പിക്കുക
* ഇംഗ്ലീഷ് ഭാഷയോട് താത്പര്യം ഉണ്ടാക്കുക.
* ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിയുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| CREAM (English Enrichment Programme) | ഇംഗ്ലീഷ് സംസാരിക്കാനുള്ള വിവിധ സന്ദർഭങ്ങൾ ഒരുക്കുക. ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുക. | * മാസത്തിൽ രണ്ട് ദിവസം English അസംബ്ലി. * English ഡയറി എഴുതുക, ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. * മാസത്തിൽ രണ്ട് ദിവസം അധ്യാപകരും കുട്ടികളും English-ൽ സംസാരിക്കുന്നു. | മാസത്തിൽ രണ്ട് ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് ചുമതലയുള്ള ടീച്ചർ. ക്ലാസ് ടീച്ചേഴ്സ് | HM Sr. Asst. |

# മേഖല : ഗണിതം

## ആമുഖം

നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഗണിതം. ഗണിത ശാസ്ത്രത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും കടന്നുപോകുന്നില്ല. കുരുന്നു മനസ്സുകൾക്ക് ഗണിതപഠനം രസകരമാക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം ഗണിതത്തിൽ ആവശ്യം വേണ്ട അറിവുകളും ശേഷികളും എല്ലാ വിദ്യാർത്ഥികളിലും എത്തിക്കാനുള്ള ഒരു ലക്ഷ്യം കൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിതശാസ്ത്ര പഠനം ജീവിതത്തിൽ എല്ലാ മേഖലയിലും സ്വാധീനിക്കുന്നതാണ്. മറ്റ് ഏത് വിഷയത്തിന്റെ പഠനത്തിനായാലും ഗണിതശാസ്ത്രം അവിഭാജ്യ ഘടകമാണ് അതുകൊണ്ട് തന്നെ എല്ലാ നിലവാരത്തിലുള്ള കുട്ടികളിലും ഈ മേഖലയിൽ താൽപര്യം ഉണ്ടാക്കുന്ന വിധത്തിലുള്ള ഗണിത കേളികളും, കുസൃതി കണക്കുകളും, ഗണിത ക്വിസ്സും ഒക്കെ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

→ ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തണം

→ മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നതിന് സഹായകരമാകണം

→ കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം

→ പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിയെ സഹായിക്കുന്നതാവണം.

→ ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകമാകാൻ കുട്ടിയെ സഹായിക്കുന്നതാവണം.

→ ഗണിതമാസ്വദിക്കാൻ കുട്ടിയെ സഹായിക്കുന്നതരത്തിലേക്ക് കഴിയുന്നതാവണം.

→ അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയണം.

→ സർഗ്ഗാത്മക ചിന്ത വളർത്താൻ സഹായകമാകണം.

→ ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയണം

→ ഗണിത പഠനത്തിന് ICT സാധ്യതകൾ ഉപയോഗിക്കാൻ കഴിയണം

→ ഗണിതത്തിൽ മെന്റൽ മാത്സ് പ്രയോജനപ്പെടുത്താൻ കഴിയണം.

| ഉപവേദി | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ് . |
|---|---|---|---|---|---|
| ഗണിത മേള | ഗണിതാഭിമുഖ്യം കൂട്ടാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തൽ ഗണിതപഠനം സുഗമമാക്കൽ . | അക്കങ്ങളുപയോഗിച്ചുള്ള ഗണിത കേളികൾ<br>ജ്യാമിതീയരൂപങ്ങൾ (ടാൻഗ്രാം)<br>അക്കങ്ങളുടെ പ്രത്യേകതകൾ (പാറ്റേൺ)<br>ഗണിത മാഗസിൻ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>ഒക്ടോബർ<br>നവംബർ . | ക്ലാസ് ടീച്ചേഴ്സ്<br>"<br>"<br>"<br>" | H.M |
| ഒറിഗാമി ശില്പശാല . | രസകരമായ ഗണിതപഠനം കരചലനശേഷിയുടെ വികാസം | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ വിവിധ രൂപങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം കൊടുക്കുന്ന പ്രവർത്തനം നടത്തുന്നു . | ജൂൺ<br>ജനുവരി<br>മാർച്ച് | SRG | |
| ഗണിതലാബ് | ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൻ | ഗണിത ലാബ് സജ്ജീകരണം ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിച്ച് വെക്കൽ . പഠനോപകരണ ഉൽപന്നങ്ങൾ ശേഖരിക്കൽ . | ജൂൺ | ക്ലാസ് ടീച്ചേഴ്സ് | H M |
| ജിയോജിബ്ര പരിശീലനം . | ജ്യാമിതി രസകരമാക്കാൻ കഴിവുകൾ [illegible] | [illegible] കുട്ടികൾക്കായി ജിയോജിബ്ര പരിശീലനം | മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | H M . |

## അറബിക്

### അക്കാദമികം.

ലക്ഷ്യങ്ങൾ.

1. തെറ്റ് കൂടാതെ അറബി വായിക്കാനുള്ള കഴിവുണ്ടാകുന്നു
2. അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നു.
3. അറബി ഭാഷ എഴുതുന്നത് പരിശീലിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ

അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, വീട്ടുവായന, കഥാവായന, വായനാ മത്സരങ്ങൾ വാക്യങ്ങൾ ഉണ്ടാക്കൽ, സംഭാഷണം കേൾപ്പിക്കൽ, വീഡിയോ പ്രദർശനം. ലാംഗ്വേജ് ഗെയിം, റോൾ പ്ലേ, പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഒരുദിനം ഒരു അറിവ്, കൈയെഴുത്ത് മാസിക

കാലയളവ്.

ജൂൺ മുതൽ ഫെബ്രുവരി വരെ.

ചുമതല

അധ്യാപകർ,

സഹായത്തിന്.

അധ്യാപകർ, എസ്.ആർ.ജി, പി.ടി.എ

## മേഖല : പരിസ്ഥിതി സൗഹൃദം.

ആമുഖം: പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും ആകുമ്പോൾ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാകുന്നു. എന്നാൽ ഇതിനോടൊപ്പം തന്നെ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം കൂടെ ചേരുമ്പോൾ ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠ വർദ്ധിക്കുന്നു. പ്രകൃതിയെക്കുറിച്ചും നമുക്ക് തരുന്ന വിഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാൻ ജൈവവൈവിധ്യ പാർക്കുകളും വിദ്യാലയത്തിൽ നിർമിക്കേണ്ടതുണ്ട്. ഭൂമിയിലെ പച്ചപ്പ് കാത്തുസൂക്ഷിക്കുകയും ജലം, വായു, മണ്ണ് എന്നിവ മലിനമാകാതെ സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

### പൊതു ലക്ഷ്യങ്ങൾ

× ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമല്ല എന്ന തിരിച്ചറിവ്.
* പ്രകൃതിയിലെ അസന്തുലിതാവസ്ഥ ഭാവിയിൽ സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയൽ.
* പ്രകൃതി വിഭവ സംരക്ഷണം എങ്ങനെയെല്ലാം എന്നതിന്റെ ആദ്യ അറിവുകൾ നേടുക.
* പ്രകൃതിയോടിണങ്ങി ജീവിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ്. |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ വിദ്യാലയം വളർത്തുന്നതിന് ഫീൽഡ് ട്രിപ്പ്. | 1 മുതൽ 4 വരെ ക്ലാസുകളിൽ ഫീൽഡ് ട്രിപ്പുകൾക്ക് സാധ്യതകളുണ്ട്. ഇതിൽ നിന്ന് നിരീക്ഷണ കുറിപ്പ്, കുട്ടികൾ തയ്യാറാക്കുന്ന താരതമ്യപഠനങ്ങൾ നിഗമനങ്ങൾ, കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തണം | ഓഗസ്റ്റ് | SRG SMC | HM |
| ജൈവവൈവിധ്യ പാർക്ക്. | ഔഷധത്തോട്ട നിർമ്മാണം പച്ചക്കറിത്തോട്ടം ഒരുക്കൽ | ജൂൺ മാർച്ച് | PTA HM | HM. |
| ശാസ്ത്രാഭിരുചി വളർത്തുന്നതിന് | ലഘുപരീക്ഷണങ്ങൾ ശേഖരണങ്ങൾ (വിത്തുകൾ, ഇലകൾ, പൂവുകൾ - --) | | | |

| | | | | |
|---|---|---|---|---|
| | പരിസ്ഥിതി ദിനം, ഹിരോഷിമ ദിനം, ചാന്ദ്രദിനം, ഓസോൺ ദിനം, നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാദിനം, സ്വാതന്ത്ര്യദിനം എന്നിവയുമായി ബന്ധപ്പെട്ട ക്വിസുകൾ. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചേഴ്സ് SRG. | HM. |
| ആരോഗ്യത്തിന് ശുചിത്വശീലം. | ബോധവത്കരണ ക്ലാസുകൾ. ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ. | ജൂൺ മാർച്ച് | SRG. ക്ലാസ് ടീച്ചേഴ്സ് | HM |
| ശാസ്ത്രമേളകൾ | സ്കൂൾ ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ. | ഒക്ടോബർ. | SRG. | HM. |
| ശാസ്ത്രക്ലബ്ബ് | ദിനാചരണങ്ങൾ. (ചാന്ദ്രദിനം, പരിസ്ഥിതി ദിനം, ഓസോൺ ദിനം. ക്വിസുകൾ, ശാസ്ത്രമാസിക) | ജൂൺ മാർച്ച് | ക്ലാസ് ടീച്ചേഴ്സ് SRG | HM. |

# ഗോത്രജ്യോതി.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിന് നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ അപൂർണ്ണമായ സ്കൂൾ പ്രവേശനവും പ്രയാസങ്ങളുമാണ്. ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിനായി കൃത്യവും ചിട്ടയുമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

* പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ മുഖ്യധാരയിലെത്തിക്കാനുള്ള ഉത്തമ ഉപാധി ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണെന്ന് പ്രസ്തുത ജനവിഭാഗത്തെ ബോധ്യപ്പെടുത്തുക.
* സാർവ്വത്രികവും സൗജന്യവുമായി വിദ്യാഭ്യാസം എന്ന ഭരണകൂടം വിഭാവനം ചെയ്യുന്ന ലക്ഷ്യം നേടിയെടുക്കുക.
* മുഖ്യധാരയുമായുള്ള നിരന്തര സമ്പർക്കത്തിനുള്ള അവസരമൊരുക്കുകയും അതുവഴി അവരിലെ അപകർഷതാ ബോധം ഉടച്ചു നീക്കുക.

* വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന അഭിരുചികളെയും സർഗാത്മക വാസനകളെയും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
* അക്കാദമിക പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും പ്രായോഗിക ശേഷികൾ നേടുവാനുമുള്ള സാഹചര്യം വർദ്ധിപ്പിക്കുക.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി | മോണിറ്ററിങ് |
|---|---|---|---|---|---|---|
| ഊരറിയാം (ഗൃഹസന്ദർശനം) | സ്കൂൾ പ്രവേശനം. | ഊരറിവ് സന്ദർശനം, ബോധവൽക്കരണം. | മെയ് ജൂൺ | Teachers. | വിവിധ സംഘടനകൾ | HM. PTA. SMC. |
| നാട്ടും കൂട്ടും (ഗോത്രക്കൂട്ട്) | ഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി ഉണർത്തൽ | ബോധവൽക്കരണങ്ങൾ, കലാപരിപാടികൾ, തനതാചാര സംപ്രവർത്തനങ്ങൾ, ഗോത്ര ഫെസ്റ്റ് | ജൂൺ, എല്ലാ മാസവും, ജൂൺ മുതൽ മാർച്ച്, മാർച്ച് | Model Tr, mentor Tr, SRG. Teachers. PTA. | SSA | HM, Grama Panchayath |
| ഗോത്രജ്യോതി | വ്യക്തിത്വ വികസനം ആത്മവിശ്വാസം വളർത്തൽ | വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും പരിപാടികൾ സ്കൂൾ അവതരണം. | സെപ്റ്റംബർ. | Mentor Tr, Teachers. | SSA പഞ്ചായത്ത് | Sr Assistant, SRG. |

| | | | | | | |
|---|---|---|---|---|---|---|
| കുതിപ്പ്. (കായിക മേള) | വ്യക്തിത്വ വികാസനം. ആത്മവിശ്വാസം വളർത്തൽ. | ഉപജില്ല - ജില്ലാ തലത്തിലേക്ക് തയ്യാറെടുപ്പിക്കൽ. (കലാ-കായികം) | ഒക്ടോബർ നവംബർ. | മെന്റർ ടീച്ചർ. മുതലായവർ Teachers. | | HM. |
| ഉയിര്. ഗോത്രമാസിക. | ആത്മവിശ്വാസം വളർത്തുക. | കുട്ടികളുടെ സൃഷ്ടികൾ. (ചിത്രങ്ങൾ, പാട്ടുകൾ, കഥകൾ) | ജനുവരി. | മെന്റർ ടീച്ചർ Teachers. | | |
| ഊരുസംഗമം (പ്രാദേശിക പി.ടി.എ) | ബോധവൽക്കരണം. | ഊരുകൾ (ഉന്നതി) കേന്ദ്രീകരിച്ച് യോഗം ചേരൽ കുട്ടികളെ എത്തിക്കണം, പഠനോപകരണ വിതരണം, വസ്ത്രശേഖരണം വസ്ത്ര വിതരണം. | ജൂൺ മുതൽ മാർച്ച് ഓരോ മാസവും. | Sr Assistant Mentor Teacher. class Tr. | | HM Sr. Assistant SRG. |

മേഖല : വായന ~> വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും.
വായിക്കാതെ വളർന്നാൽ വളയും
- കുഞ്ഞുണ്ണിമാഷ് -

ആമുഖം:

ഡിജിറ്റൽ ലോകത്തിന് കീഴടങ്ങിയ നവതലമുറയ്ക്ക് മാനുഷിക മൂല്യങ്ങളുടെ പരിപോഷണത്തിനും ബൗദ്ധിക വളർച്ചയ്ക്കുതകുന്ന വൈജ്ഞാനിക അടിത്തറ പാകുവാനും പരന്ന വായനയിലൂടെ മാത്രമേ കഴിയുകയുള്ളൂ. ക്ലാസ് ലൈബ്രറിയും, സ്കൂൾ ലൈബ്രറിയും, വീട്ടിലൊരു വായനമൂലയും ഒരുക്കി കുട്ടികളെയും രക്ഷിതാക്കളെയും അതിലൂടെ പൊതുസമൂഹത്തെ തന്നെയും സംസ്കാര ചിത്തരാക്കാൻ വിദ്യാലയത്തിന് സാധിക്കണം.

| ഉപമേഖല | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | മോണിറ്ററിംഗ്. |
|---|---|---|---|---|---|
| സ്കൂൾ ലൈബ്രറി. | • സ്വതന്ത്രവായനയ്ക്ക് അവസരം<br>• അധിക വായനയ്ക്ക് അവസരം. | • ലൈബ്രറി നവീകരണം.<br>-> കൂടുതൽ ലൈബ്രറികൾ ശേഖരണം.<br>-> പുസ്തകങ്ങൾ മേഖല തിരിച്ചു വെക്കൽ.<br>- കൃത്യമായ വിതരണം. | മെയ്-ജൂൺ to മാർച്ച് | ലൈബ്രറി ചാർജുള്ള അധ്യാപിക | H.M |

| | | | | | |
|---|---|---|---|---|---|
| ക്ലാസ് ലൈബ്രറി | പുസ്തകങ്ങളെയും വായനയെയും സ്നേഹിക്കാൻ പഠിക്കാം | CPTA ചേരൽ<br>→ രക്ഷിതാക്കൾ, പൊതു സംഘടനകൾ മറ്റു സൗകര്യങ്ങൾ ഇവ ഉപയോഗിച്ച് പുസ്തക ശേഖരണം.<br>→ ലൈബ്രറി ചാർജ് ക്ലാസ് ലൈബ്രറിയനെ ഏൽപ്പിക്കൽ. (കുട്ടി)<br>→ ഉദ്ഘാടനം.<br>→ അമ്മ വായന<br>- പുസ്തക പരിചയം<br>→ ആസ്വാദന കുറിപ്പ് തയ്യാറാക്കൽ.<br>→ അസംബ്ലി | ജൂൺ to ജനുവരി. | ക്ലാസ് ടീച്ചർ | H.M Snr. Asst. |

# ഉപസംഹാരം.

ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരി-
ഗണിച്ചുകൊണ്ടുള്ള സമഗ്ര ഗുണമേന്മാ-
വിദ്യാഭ്യാസ പദ്ധതി. അതാണ് ഈ
അക്കാദമിക വർഷത്തെ പ്രധാന ലക്ഷ്യം.
ഈ സാഹചര്യത്തിൽ നമ്മുടെ അക്കാദമി-
ക് മാസ്റ്റർപ്ലാൻ വളരെയേറെ പ്രയോജന-
പ്പെടുമെന്ന് വിശ്വസിക്കട്ടെ. വിദ്യാലയത്തി-
ലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെ-
ടുത്തി തയ്യാറാക്കിയ ഈ രേഖ വളരെ
പ്രതീക്ഷയോടെ സമർപ്പിക്കുന്നു.